**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2533** **21/06/2012 -ൽ മറുപടിക്ക്**

## സേവ് എ ടീനേജർ പ്രോഗ്രാം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പി.എ. മാധവൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സേവ് എ ടീനേജർ പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) തുടക്കം കുറിച്ചിട്ടുണ്ട്. കുട്ടികളിൽ കുറ്റവാസനയും, കുറ്റകൃത്യങ്ങളും വളർന്നു വരുന്ന സാഹചര്യത്തിലാണ് ഇത്തരത്തിലൊരു ബോധവൽക്കരണ പദ്ധതി ആരംഭിച്ചത്. |
| (ബി) ഈ പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) കൗമാരക്കാർക്ക് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകുക, കൗമാര ആരോഗ്യ വിദ്യാഭ്യാസം നൽകുക, ലഹരി ഉപയോഗവും കുറ്റകൃത്യങ്ങളും തടയുക മുതലായവയാണ് ഉദ്ദേശലക്ഷ്യങ്ങൾ. |
| (സി) ഏതെല്ലാം സ്കൂളുകളിലാണ് ഇത് നടപ്പാക്കുന്നത്;<br>(ഡി) ആരുടെ ആഭിമുഖ്യത്തിലാണ് ഈ പ്രോഗ്രാം നടത്തുന്നത് എന്ന് വ്യക്തമാക്കുമോ ? | <u>(സി) ആന്റ് (ഡി)</u><br>വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നാഷണൽ സർവ്വീസ് സ്കീം കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ വിദഗ്ധ മന:ശാസ്ത്രജ്ഞൻമാരുടെയും പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുടേയും അഭിമുഖ്യത്തിൽ 250 സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ